മേലെഴുത്ത് കത്ത് നം. ജി3/28456/17/കോ.വി.വ. തീയതി : 5.8.2017.

ഈ കാര്യാലയത്തിന്റെ പരിധിയിലുള്ള എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പൽമാരുടേയും എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരുടേയും (എയ്ഡഡ് കോളേജുകളിൽ അറിയിക്കുന്നതിലേയ്ക്കായി അറിവിലേയ്ക്കും അനന്തരനടപടിയ്ക്കുമായി അയയ്ക്കുന്നു. സ്ഥാപനമേധാവികൾ തങ്ങളുടെ സ്ഥാപനത്തിലുള്ള എല്ലാ ജീവനക്കാരെയും പ്രസ്തുത വിവരം അറിയിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ. പി. അനിത ദമയന്തി
അഡീഷണൽ ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി.

പകർപ്പ്:

1. ഈ ഓഫീസിലെ എല്ലാ ജീവനക്കാരുടേയും അറിവിലേയ്ക്ക്
2. എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും
3. ഡെപ്യൂട്ടി ഡയറക്ടർ - കൊല്ലം, കോട്ടയം, എറണാകുളം, തൃശൂർ, കോഴിക്കോട്
4. നടപ്പുഫയൽ/കരുതൽ ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

*TP – 04 .07.2017.*

028456

ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്
## പാർലമെന്ററി പഠന പരിശീലന കേന്ദ്രം

തിരുവനന്തപുരം,
27 07.2017.

നമ്പർ 3472/സി.പി.എസ്.ടി.ബി2/2017/നിസെ.

സെക്രട്ടറി.

ഡയറക്ടർ
കോളേജ് വിദ്യാഭ്യാസ വകുപ്പ്
വികാസ് ഭവൻ
തിരുവനന്തപുരം

സർ,

വിഷയം-കേരള നിയമസഭാ സെക്രട്ടേറിയറ്റ് - പാർലമെന്ററി പഠന പരിശീലന കേന്ദ്രം - സർട്ടിഫിക്കറ്റ് കോഴ്സിന്റെ നാലാമത് ബാച്ച് ആരംഭിക്കുന്ന വിവരം അറിയിക്കുന്നത് സംബന്ധിച്ച്.

കേരള നിയമസഭാ സെക്രട്ടേറിയറ്റിന്റെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡിയർ-ന്റെ നാലാമത് ബാച്ചിലേയ്ക്കുള്ള പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചിരിക്കുന്നു.ഹയർ സെക്കന്ററി അടിസ്ഥാന യോഗ്യതയുള്ളവർക്ക് കോഴ്സിന് അപേക്ഷിക്കാവുന്നതാണ്.പ്രായ പരിധി ഇല്ല.അപേക്ഷാഫാറത്തിനും പ്രോസ്പെക്ടസിനുമുള്ള ഫീസ് സെക്രട്ടറി ,കേരള നിയമസഭ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം 100/-രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് ആയോ എസ്.ബി.ഐ യുടെ വികാസ് ഭവൻ ബ്രാഞ്ചിൽ 37005174195 എന്ന അക്കൗണ്ട് നമ്പരിൽ നേരിട്ട് പണമായോ NEFT മുഖേനയോ (എസ്.ബി.ഐ. വികാസ്ഭവൻ ബ്രാഞ്ച് ,ഐ.എഫ്.എസ്.സി. SBIN0070415) അടയ്ക്കാവുന്നതാണ്.കൂടുതൽ വിവരങ്ങൾ നിയമസഭയുടെ വെബ്സൈറ്റിൽ (www.niyamasabha.org)ലഭ്യമാണ്.പ്രസ്തുത വിവരം താങ്കളുടെ അധികാര പരിധിയിലുള്ള കോളേജുകളിൽ അറിയിക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

Bindu S.

എസ്.ബിന്ദു
ജോയിന്റ് സെക്രട്ടറി
സെക്രട്ടറിക്കു വേണ്ടി.

# സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ

# *Certificate Course in Parliamentary Practice and Procedure*

ഇന്ത്യയിലെ നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ ആദ്യമായി, കേരള നിയമസഭയിൽ പാർലമെന്ററി ജനാധിപത്യ സമ്പ്രദായത്തെയും നടപടിക്രമങ്ങളെയും സംബന്ധിച്ച് ഒരു സർട്ടിഫിക്കറ്റ് കോഴ്സ് നടത്തുന്നു. സമൂഹത്തിലെ നാനാ വിഭാഗങ്ങളിൽപ്പെട്ട, സർക്കാർ ഉദ്യോഗസ്ഥർ, അദ്ധ്യാപകർ, കോളേജ് വിദ്യാർത്ഥികൾ, പൊതുപ്രവർത്തകർ തുടങ്ങിയവർക്ക് പാർലമെന്ററി ജനാധിപത്യ സംവിധാനത്തെക്കുറിച്ച് അറിവും പരിചയവും പകർന്നു കൊടുക്കുക എന്നതാണ് ഈ കോഴ്സിലൂടെ ഉദ്ദേശിക്കുന്നത്.

| | | |
|---|---|---|
| പ്രവേശനം | ▶ | 250 പേർക്ക് (പ്രായപരിധി ഇല്ല) |
| കാലാവധി | ▶ | 6 മാസം |
| യോഗ്യത | ▶ | പ്രീഡിഗ്രി/പ്ലസ് ടു/തത്തുല്യം |
| ട്യൂഷൻ ഫീസ് | ▶ | 2000/- |
| | ▶ | 1500/- (വിദ്യാർത്ഥികൾക്ക്) |
| | ▶ | എസ്.സി./എസ്.ടി വിഭാഗത്തിന് ഫീസ് ഇല്ല |
| മീഡിയം | ▶ | ഇംഗ്ലീഷ് / മലയാളം |

## സവിശേഷതകൾ

- പ്രഗത്ഭർ തയ്യാറാക്കിയ പഠന സഹായികൾ
- സമ്പർക്ക പഠന ക്ലാസുകൾ
- നിയമസഭാ സന്ദർശന പരിപാടി
- നിയമസഭാ നടപടികൾ തൽസമയം വീക്ഷിക്കുന്നതിനുള്ള അവസരം
- നിയമസഭാ ലൈബ്രറി റഫറൻസ് സൗകര്യം
- നിയമസഭാ മ്യൂസിയം സന്ദർശനം



For the first time in India, Kerala Legislative Assembly introduces a Certificate Course in Parliamentary Practice and Procedure. The main objective of the course is to give awareness in Parliamentary Practice and Procedure to Government employees, teachers, college students and public.

| | | |
|---|---|---|
| Entry | ▶ | 250 nos. ( No age limit) |
| Duration | ▶ | 6 months |
| Qualification | ▶ | Pre-degree/PlusTwo/ equivalent |
| Tuition Fee | ▶ | 2000/- |
| | ▶ | 1500/- (for Students) |
| | ▶ | Fee concession for SC/ST |
| Medium | ▶ | English/Malayalam |

### *FEATURES*

- Study materials
- Contact classes
- Assembly visit
- Provision to view live Assembly proceedings
- Reference facility in Assembly library
- Visit to Niyamasabha museum

### *SYLLABUS*

| | |
|---|---|
| *Paper 1* | *Parliamentary Democracy* |
| *Paper II* | *Legislature, Executive and Judiciary- Constitutional Provisions* |
| *Paper III* | *Laws and Rules Regulating Practice and Procedure of Parliament and State Legislature* |
| *Paper IV* | *Legislative Procedure & Procedure in Financial Matters* |









*For more details*

0471-2512662, 2512453, 9496551719
E-mail : cpst@niyamasabha.org
Website: www.niyamasabha.org


കേരള നിയമസഭ

# സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയർ




പാർലമെന്ററി പഠന പരിശീലന കേന്ദ്രം
റൂം നം. 711, നിയമസഭാ മന്ദിരം, വികാസ് ഭവൻ പി.ഒ,
തിരുവനന്തപുരം. പിൻ 695033

ടെലിഫോൺ : 0471-2512662, 9496551719
തിരുവനന്തപുരം
പിൻ-695 033

ഭരണഭാഷ-മാതൃഭാഷ
ഫാക്സ് : 0471-2305891
E-mail: cpst@niyamasabha.org
Website: www.niyamasabha.org

# കേരള നിയമസഭാ സെക്രട്ടേറിയറ്റ്
# പാർലമെന്ററി പഠന പരിശീലന കേന്ദ്രം

തിരുവനന്തപുരം
20.07.2017

നം.2643/സി.പി.എസ്.റ്റി.ബി1/2017/നി.സെ

**സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീഡിയർ പ്രവേശനത്തിനുള്ള**

**വിജ്ഞാപനം**

കേരള നിയമസഭയുടെ പാർലമെന്ററി പഠന പരിശീലന കേന്ദ്രം വിദൂര വിദ്യാഭ്യാസ സമ്പ്രദായത്തിൽ നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സിന്റെ നാലാമത് ബാച്ചിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷകൾ ക്ഷണിക്കുന്നു. റഗുലർ വിദ്യാർത്ഥികൾ, അടിസ്ഥാന യോഗ്യതാ പരീക്ഷാഫലം കാത്തിരിക്കുന്നവർ, ഉദ്യോഗസ്ഥർ ഉൾപ്പെടെ താല്പര്യമുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്

| | | |
|---|---|---|
| കോഴ്സ് കാലാവധി | - | ആറ് മാസം |
| അടിസ്ഥാന യോഗ്യത | - | ഹയർ സെക്കൻഡറി/ തത്തുല്യം |
| പ്രായപരിധി | - | ബാധകമല്ല |
| അപേക്ഷാ ഫീസ് | - | ₹ 100/- |

അപേക്ഷാ ഫീസ് **സെക്രട്ടറി, കേരള നിയമസഭ** എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന വിധം 100/- രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ എസ്.ബി.ഐയുടെ തിരുവനന്തപുരം വികാസ് ഭവൻ ബ്രാഞ്ചിൽ 37005174195 എന്ന അക്കൗണ്ട് നമ്പരിൽ നേരിട്ട് പണമായോ എൻ.ഇ.എഫ്.റ്റി. മുഖേനയോ (എസ്.ബി.ഐ, വികാസ്ഭവൻ ബ്രാഞ്ച്, ഐ.എഫ്.എസ്.സി SBIN0070415) അടയ്ക്കാവുന്നതാണ്. **ബാങ്കുകളുടെ കമ്മീഷൻ ചാർജ്ജുകൾ അപേക്ഷകർ സ്വയം വഹിക്കേണ്ടതാണ്.**

അപേക്ഷാ ഫോറവും പ്രോസ്പെക്ടസും നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്ന് നേരിട്ടും തപാൽ വഴിയും നിയമസഭാ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്. അപേക്ഷാ ഫോറവും പ്രോസ്പെക്ടസും തപാലിൽ ലഭിക്കേണ്ടവർ നിശ്ചിത ഫീസ് ഒടുക്കിയ പേ- ഇൻ- സ്ലിപ്പ് /ഡിമാൻഡ് ഡ്രാഫ്റ്റ് /എൻ.ഇ.എഫ്.റ്റി. രസീത് സഹിതം താഴെപറയുന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷാഫോറം വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുന്നവർ പൂരിപ്പിച്ച അപേക്ഷയോടൊപ്പം നിശ്ചിത ഫീസ് ഒടുക്കിയ പേ-ഇൻ-സ്ലിപ്പ് /ഡിമാൻഡ് ഡ്രാഫ്റ്റ് /എൻ.ഇ.എഫ്.റ്റി.രസീത് സമർപ്പിക്കേണ്ടതാണ് .

പൂരിപ്പിച്ച അപേക്ഷകൾ നേരിട്ടോ തപാൽ മുഖേനയോ 2017 ആഗസ്റ്റ് 5 ന് മുമ്പായി താഴെപ്പറയുന്ന വിലാസത്തിൽ ലഭിക്കേണ്ടതാണ്.

അണ്ടർ സെക്രട്ടറി,
പാർലമെന്ററി പഠന പരിശീലന കേന്ദ്രം, റൂം നമ്പർ 728
നിയമസഭാ മന്ദിരം, വികാസ് ഭവൻ പി.ഒ, തിരുവനന്തപുരം -695033

കൂടുതൽ വിവരങ്ങൾക്ക് : 0471-2512662, 2512453, 2512670, 9496551719 / വെബ്സൈറ്റ് www.niyamasabha.org

വി.കെ.ബാബുപ്രകാശ്
സെക്രട്ടറി

6